മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. അടിയന്തരപ്രമേയത്തിനുള്ള ഈ നോട്ടീസിനെ സംബന്ധിച്ച്, ചെയർ എല്ലാ ദിവസവും ഇങ്ങനെ ഓർമ്മപ്പെടുത്തേണ്ടിവരുന്നത് വളരെ ദൗർഭാഗ്യകരമായ കാര്യമാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രി പറയപ്പെട്ടതായ ഒരു പരാമർശത്തെ സംബന്ധിച്ചാണ് മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടു എന്ന നിലയിൽ ഗുരുതരമായ സ്ഥിതിവിശേഷം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിരിക്കുന്നത്. നോട്ടീസിലൂടെ ഉന്നയിച്ചിരിക്കുന്നതും അടുത്ത കാലത്ത് നടന്നതായി പരാമർശിച്ചിട്ടുള്ളതുമായ ഈ കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെതന്നെ വിശദീകരണവും മറ്റും പുറത്തുവന്നുകഴിഞ്ഞു. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതോ അടിയന്തരപ്രാധാന്യമുള്ളതോ ആയ ഒരു വിഷയമായി ചെയർ ഇത് കാണുന്നില്ല. മാത്രമല്ല, നോട്ടീസിൽ വിശദീകരിക്കപ്പെട്ട കിഫ്ബിയുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച ഈ സഭയിൽ രണ്ടോ മൂന്നോ തവണ നടന്നു, നിയമ നിർമ്മാണവും നടന്നു. നിയമ നിർമ്മാണം ഐകകണ്ഠ്യേനയാണ് സഭ പാസ്സാക്കിയത്. സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും നിയമനിർമ്മാണം നിർവ്വഹിക്കുകയും ചെയ്ത കാര്യത്തെക്കുറിച്ച് ഏതെങ്കിലും

തരത്തിലുള്ള അവ്യക്തതയുണ്ടായിരുന്ന സന്ദർഭങ്ങളിലെല്ലാം വിശദമായ ഡിബേറ്റിന് അവസരം ലഭ്യമായിരുന്നു. ഇനിയും ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചകളിൽ അതിന് അവസരമുണ്ട്. അതുകൊണ്ട് അടിയന്തര പ്രാധാന്യമുള്ള വിഷയമായി ഇത് കാണാൻ സാധിക്കുകയില്ല. അടിയന്തരപ്രമേയത്തിന് അനുമതി നൽകാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയാണ്.

(ശ്രീ. രമേശ് ചെന്നിത്തല)